പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 194 26.03.2013 -ൽ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി-യ്ക്ക് സബ്സിഡി നിരക്കിൽ ഡീസൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം :<br>ശ്രീ. മാത്യു. റ്റി. തോമസ് :<br>" സി. കെ. നാണു :<br>" ജോസ് തെറ്റയിൽ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മറ്റു സംസ്ഥാനങ്ങളിലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ വികേന്ദ്രീകൃതമായി സബ്സിഡിയോടു കൂടിയ നിരക്കിൽ ഡീസൽ ശേഖരിക്കുവാൻ നടപടി സ്വീകരിച്ചിട്ടും കെ.എസ്.ആർ. ടി.സി. അത്തരം നടപടിയിലേക്ക് പോകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | സബ്സിഡിയോടു കൂടിയ നിരക്കിൽ ഡീസൽ ശേഖരിക്കുവാൻ കെ.എസ്. ആർ.ടി.സി. നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ, തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം സെൻട്രൽ, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ഡിപ്പോകളിലെ ബസ്സുകൾക്ക്, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പമ്പുകളിൽനിന്നുമാണ് ഡീസൽ നിറയ്ക്കുന്നത്. ബാക്കി സ്ഥലങ്ങളിൽ റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ നിന്നും ഡീസൽ നിറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | വിപണിയിലെ നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ ഡീസൽ വാങ്ങുമ്പോൾ കെ.എസ്.ആർ.ടി. സി. ക്ക് എത്ര രൂപ അധിക ബാധ്യത ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | 18.01.2013 -ൽ വില വർദ്ധന നിലവിൽ വന്നതു മുതൽ നാളിതുവരെ ഏകദേശം 28 കോടി രൂപയുടെ അധിക ചെലവ് കെ.എസ്. ആർ.ടി.സി. ക്ക് ഉണ്ടായിട്ടുണ്ട്. |
| (സി) | വൻകിട ഉപഭോക്താക്കൾക്ക് സബ്സിഡി ഇല്ലാത്ത നിരക്കിലും സ്വകാര്യ ബസുടമകൾ അടക്കമുള്ളവർക്ക് സബ്സിഡിയോടു | (സി) യും | വൻകിട ഉപഭോക്താവ് എന്ന നിലയിൽ കെ.എസ്.ആർ.ടി.സി. പോലുള്ള പൊതു മേഖലാ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ ഡീസൽ വില വർദ്ധനവിൽ നിന്നും |

| | | | |
|---|---|---|---|
| | കൂടിയ കുറഞ്ഞ നിരക്കിലും ഡീസൽ നൽകുവാനുള്ള കേന്ദ്ര നയത്തോടു സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; | (ഡി) യും | കോർപ്പറേഷനെ ഒഴിവാക്കണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. പ്രസ്തുത നിലപാട് ശക്തമായി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത നിലപാട് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; | | |
| (ഇ) | എങ്കിൽ ആയതിന്മേൽ കേന്ദ്ര സർക്കാർ എന്തു സമീപനമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (ഇ) | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അന്തിമ തീരുമാനം അറിയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ